**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167** **31-01-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത-ചെറുകിട മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖലയെ സംരക്ഷിക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വൈപ്പിൻ കരയിൽ പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പത്രത്തിൽ വന്ന റിപ്പോർട്ട് സഹിതം അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി 07.08.2023ന് സമർപ്പിച്ച കത്തിൽ (Ref. N0. 7517103 dt 16/8/23) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | മാധ്യമം പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പകളിന്മേൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം, ഫിഷറീസ് ഡയറക്ടർക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ഇതു സംബന്ധിച്ച് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മാധ്യമം പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പകളിന്മേൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം, ഫിഷറീസ് ഡയറക്ടർക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കടൽ മത്സ്യസമ്പത്ത് സംരക്ഷിയ്ക്കുന്നതിനും പരിപാലിക്കുന്നതിനും വർദ്ധിപ്പിയ്ക്കുന്നതിനും കെ.എം.എഫ്.ആർ ആക്ടും റൂളും കാലോചിതമായി പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കിവരുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി, എല്ലാ ട്രോളറുകളിലും സ്ക്വയർ മെഷ് കോഡ് എൻഡ് ഘടപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിവരുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

കെ.എം.എഫ്.ആർ ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കുന്നതിന് സംസ്ഥാന, ജില്ലാ, വില്ലേജ്തല മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. ടി കൗൺസിലുകൾ സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പദ്ധതികളുടെ നടത്തിപ്പും അവയുടെ താഴെത്തട്ടിലുള്ള ഫലപ്രാപ്തിയും ബോധ്യമാകത്തക്കതരത്തിൽ പ്രവർത്തിച്ചു വരുന്നു.

2018 ലെ വിജ്ഞാപന പ്രകാരം മത്സ്യബന്ധന യാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണ് എന്ന് പറഞ്ഞു മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ബഹു. ഫിഷറീസ് മന്ത്രിക്കും ബഹു.മുഖ്യമന്ത്രിയ്ക്കും നിവേദനങ്ങൾ നൽകിയിരുന്നു. പ്രസ്തുത നിവേദനങ്ങളുടെയും അപേക്ഷകളുടെയും അടിസ്ഥാനത്തിൽ മന്ത്രിതലത്തിൽ പലവട്ടം സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും ഒടുവിൽ 01/09/2019-ലെ സ.ഉ.(അ) നം.36/2019/മതുവ എന്ന വിജ്ഞാപന പ്രകാരം ചുവടെ പറയും വിധം മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് ഫീസുകൾ കുറക്കുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ രജിസ്ട്രേഷൻ ഫീസ്

| ക്രമ നം. | മത്സ്യബന്ധന യാനങ്ങളുടെ നീളം | തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | 5 മീറ്ററിൽ താഴെ | 100 |
| 2 | 5-9.99 മീറ്റർ | 300 |
| 3 | 10-14.99 മീറ്റർ | 2000 |
| 4 | 15-19.99 മീറ്റർ | 3000 |
| 5 | 20-24.99 മീറ്റർ | 15000 |
| 6 | 25 മീറ്ററും അതിന് മുകളിലും | 25000 |

പുതുക്കിയ ലൈസെൻസ് ഫീസ്

| ക്രമ നം. | മത്സ്യബന്ധന യാനങ്ങളുടെ നീളം | തുക (രൂപയിൽ) | സെക്യൂരിറ്റി തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 5 മീറ്ററിൽ താഴെ | Nil | Nil |
| 2 | 5-9.99 മീറ്റർ | 200 | Nil |
| 3 | 10-14.99 മീറ്റർ | 2000 | 2000 |
| 4 | 15-19.99 മീറ്റർ | 3000 | 5000 |

ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് വറുതിയിലാകുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 കോടി രൂപ [സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട്(SDRF), മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF)] സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ

പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് (KFWFB)-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

പരമ്പരാഗത മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനയുമാണ്. പൊതു വിതരണ ശൃംഖല വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണ പൂർണ്ണമായും മത്സ്യബന്ധനമേഖലയ്ക്ക് അന്യമാകുകയും സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യത യഥാർത്ഥ ആവശ്യകതയുടെ പത്തിലൊന്നായി ചുരുങ്ങുകയും വില കുതിച്ചുയരുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതുമൂലം മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വലിയ കുറവുണ്ടാകുകയും പരമ്പരാഗത മത്സ്യബന്ധനമേഖലയെ ആശങ്കയിലാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യം മറികടക്കുന്നതിന് മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, ഡീസൽ, എൽ.പി.ജി തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 1000 യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനു പകരമായി പെട്രോൾ എഞ്ചിനുകളാക്കുന്നതിന് 10 കോടി രൂപയുടെ പദ്ധതി 50% സബ്സിഡിയോടു കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ 500 മണ്ണെണ്ണ എഞ്ചിനു പകരമായി എൽ.പി.ജി എഞ്ചിനുകളാക്കുന്നതിന് 3.55 കോടി രൂപയുടെ പദ്ധതി 75% സബ്സിഡിയോടു കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് ഇൻകോയ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കു 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ഇൻകോയ്സിനു കൈമാറിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി

എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ് കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ സീ സേഫ്റ്റി എക്യുപ്മെന്റ്സ് ടു ട്രഡീഷണൽ ഫിഷിംഗ് ക്രാഫ്റ്റ് പദ്ധതി പ്രകാരം ജി.പി.എസ് - 1110 എണ്ണം, ഡി.എ.റ്റി - 64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ് കളും വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 548 എണ്ണം മൗണ്ടിംഗ് ടൈപ്പ് ജി.പി.എസുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷം പരമ്പരാഗത വള്ളങ്ങളുടെ ആധുനികവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് - കൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി നാളിതുവരെ 400 എണ്ണം ജി.പി.എസ് - കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി 420 എഫ്.ആർ.പി യാനങ്ങൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമാകുകയും ആയതു നടപ്പിലാക്കി വരുകയും ചെയ്യുന്നു.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന ( PMMSY) 2020-21 ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 1500 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിക്കുകയും 10 യാനങ്ങളുടെ

നിർമ്മാണം പൂർത്തീകരിക്കുകയും 6 യാനങ്ങൾ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) 2023-24 ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ കൂടി വിതരണം ചെയ്യുന്നതിന് 1200 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.